**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2053** **01-09-2022 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ പുതിയ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ നിലവിൽ എത്ര ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ നിലവിൽ അഞ്ച് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളാണുള്ളത്.<br>1. കാസർഗോഡ് നിലയം - കാസർഗോ ഡ് മുനിസിപ്പാലിറ്റി.<br>2. കാഞ്ഞങ്ങാട് നിലയം -കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി.<br>3. തൃക്കരിപ്പൂർ നിലയം - തൃക്കരിപ്പൂർ പഞ്ചായത്ത്.<br>4. കുറ്റിക്കോൽ നിലയം - കുറ്റിക്കോൽ പഞ്ചായത്ത്.<br>5. ഉപ്പള നിലയം - മംഗൽപ്പാടി<br>പഞ്ചായത്ത്. |
| (ബി) | പ്രസ്തുത സ്റ്റേഷനുകൾ പ്രവർത്തിക്കുന്നത് സ്വന്തം കെട്ടിടത്തിലാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ എത്ര വർഷത്തെ പഴക്കമുണ്ടെന്നും പുതുക്കിപ്പണിയാനുള്ള സമയമായോയെന്നും വ്യക്തമാക്കാമോ; | (ബി) | ഉപ്പള ഒഴികെയുള്ള 4 നിലയങ്ങൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്നു. ഉപ്പളനിലയം പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നത്.<br><u>കെട്ടിടത്തിന്റെ കാലപ്പഴക്കം</u><br>കാസർഗോഡ് നിലയം - 41 വർഷം.<br>കാഞ്ഞങ്ങാട് നിലയം - 7 വർഷം.<br>തൃക്കരിപ്പൂർ നിലയം - 20 വർഷം.<br>കുറ്റിക്കോൽ നിലയം - 11 വർഷം.<br>കാസർഗോഡ് നിലയം പുതുക്കിപ്പണിയേണ്ട സ്ഥിതിയിലാണുള്ളത്. |
| (സി) | ജില്ലയിൽ പുനർനിർമിക്കാൻ ഉദ്ദേശിക്കുന്ന ഫയർ സ്റ്റേഷൻ കെട്ടിടങ്ങൾ ഏതൊക്കെയാണെന്നും | (സി) | കാസർഗോഡ് അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവ നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ |

| | | | |
|---|---|---|---|
| | ഇതിന് ആവശ്യമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറായിട്ടുണ്ടോയെന്നും അറിയിക്കാമോ; | | നിന്നും 8 കോടി രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമായിരുന്നു. ഇത്ര അധികം ചെലവിൽ ഫയർ സ്റ്റേഷൻ കെട്ടിടം പുനരുദ്ധാരണം നടത്താൻ സാധിക്കാത്തതിനാൽ അത്യാവശ്യം വേണ്ട സൗകര്യങ്ങൾ ഉൾപ്പെടുത്തി പ്ലാനിൽ മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കാൻ വകുപ്പ് മേധാവി പൊതുമരാമത്ത് വകുപ്പിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. |
| (ഡി) | ജില്ലയിൽ പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏത് പഞ്ചായത്തിൽ ആണെന്ന് അറിയിക്കുമോ; | (ഡി) | കയ്യൂർ-ചീമേനി ഗ്രാമപഞ്ചായത്തിൽപ്പെട്ട ചീമേനിയിൽ ഒരു പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് 18.02.2021-ലെ സ.ഉ.(എം.എസ്) നം.51/2021/ ആഭ്യന്തരം പ്രകാരം സർക്കാർ തത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | ബദിയഡുക്ക പഞ്ചായത്തിൽ പുതിയ ഫയർ സ്റ്റേഷൻ തുടങ്ങാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (ഇ) | പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ